ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 07.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ജനക്ഷേമ പ്രഖ്യാപനങ്ങളും, വരുമാന വർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങളും ഉൾപ്പെടുത്തി 2025-26 ലെ സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു.

Kerala Finance Minister KN Balagopal presented the state budget for the financial year 2025-26 in Kerala Legislative Assembly today.

2). വയനാട് പുനരധിവാസത്തിന് 750 കോടി രൂപ . സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത അനുവദിക്കും. കരാർ ജീവനക്കാർക്ക് 5 ശതമാനം വേതന വർദ്ധന.

FM announced Rs 750 crore project for rehabilitation of Wayanad disaster victims. One installment of DA announced for state employees and pensioner. 5 percent wage increase announced for contract and daily wage employees.

3). തിരുവനന്തപുരം മെട്രോയുടെ പ്രാരംഭ നടപടികൾ ഈ വർഷം ആരംഭിക്കും. വിഴിഞ്ഞം - കൊല്ലം - പുനലൂർ ത്രികോണ വികസന പദ്ധതി നടപ്പാക്കുമെന്നും ധനമന്ത്രി.

Preliminary works for the Thiruvananthapuram metro project will start from this year. Vizhinjam-Kollam-Punalur triangle development project will be introduced.

**4). സംസ്ഥാനത്തെ കോടതി ഫീസുകൾ പരിഷ്കരിക്കും. ഭൂനികുതി സ്ലാബുകളിൽ 50 ശതമാനം വർധന.**

**Land Tax has been increased by 50 percent. Increase in court fees also announced.**

**5). നവകേരള നിർമ്മാണത്തിന് കുതിപ്പു നൽകുന്നതാണ് സംസ്ഥാന ബജറ്റെന്ന് മുഖ്യമന്ത്രി. കേരളത്തെ ദുരിതത്തിലേക്ക് തള്ളിവിടുന്ന ബജറ്റെന്ന് പ്രതിപക്ഷം.**

**Budget will ensure a new momentum for Rebuild Kerala initiative, says Chief Minister. Opposition criticised that the Budget is unreliable and filled with empty statements.**

**6) അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ കുറവ് വരുത്തി റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.25 ശതമാനം.**

**Almost after 5 years, the Reserve Bank of India (RBI) has reduced the policy repo rate by 25 basis points, from 6.50 per cent to 6.25 per cent.**

==========================================================

## BUDGET GENERAL

ജനക്ഷേമ പ്രഖ്യാപനങ്ങളും, വരുമാന വർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങളും ഉൾപ്പെടുത്തി 2025-26 വർഷത്തെ സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനം മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് എത്തിയതായി ധനമന്ത്രി വ്യക്തമാക്കി. അതിവേഗ വളർച്ചയുടെ പാതയിലാണ് കേരളത്തിൻറെ സമ്പദ് വ്യവസ്ഥ. സംസ്ഥാനം ടേക്ക് ഓഫിന് സജ്ജമാണെന്നും ധനമന്ത്രി പറഞ്ഞു. രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ അവസാന സമ്പൂർണ ബജറ്റാണ് ധനമന്ത്രി ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചത്.

==========================================================

**WAYANAD BUDGET- (INTRO)**

വയനാട് പുനരധിവാസത്തിനായി സംസ്ഥാന ബജറ്റിൽ **750 കോടി** രൂപ വകയിരുത്തുന്നതായി ധനമന്ത്രി അറിയിച്ചു. പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കും. ഉരുൾപൊട്ടലിൽ **1,202 കോടി**യുടെ നാശനഷ്ടം ഉണ്ടായതായാണ് സംസ്ഥാന സർക്കാരിന്റെ കണക്കുകൾ. കേന്ദ്രത്തിൽ നിന്നും നീതിപൂർവ്വമായ സഹായം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു.

**(HOLD FOR BYTE.........)**

=========================================================

**STATE BUDGET - DA ( INTRO)**

ജീവനക്കാരോടും പെൻഷൻകാരോടുമുള്ള സംസ്ഥാന സർക്കാരിൻറെ പ്രതിബദ്ധത ധനമന്ത്രി ബജറ്റിൽ ആവർത്തിച്ചു വ്യക്തമാക്കി. ഒരു ഗഡു ക്ഷാമബത്ത കൂടി ജീവനക്കാർക്കും, പെൻഷൻകാർക്കും ഏപ്രിൽ മാസത്തിൽ അനുവദിക്കുമെന്നും അദ്ദേഹം അറിയിച്ചു. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയുടെ രണ്ട് ഗഡു ഈ സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യും. 1,900 കോടി രൂപയാണ് ഇതിനായി ചെലവ് വരിക. സർവ്വീസ് പെൻഷൻ പരിഷ്കരണ കുടിശികയുടെ അവസാന ഗഡുവായ 600 കോടി രൂപയും ഈ മാസം തന്നെ വിതരണം ചെയ്യും. രണ്ട് ഗഡു ഡി എ കുടിശികയുടെ ലോക്കിങ് കാലാവധി ഒഴിവാക്കുമെന്നും ധനമന്ത്രി അറിയിച്ചു.

**(HOLD FOR BYTE ....................)**

കേന്ദ്ര സർക്കാരിൻറെ യു.പി.എസ് മാതൃകയിൽ സംസ്ഥാന ജീവനക്കാർക്കായി അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കും. ദിവസ വേതനക്കാരുടെയും കരാർ

ജീവനക്കാരുടെയും വേതനം 5 ശതമാനം വർദ്ധിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

==========================================================

## BUDGET – INFRASTRUCTURE ( INTRO)

കേരളത്തിൻറെ പശ്ചാത്തല വികസനത്തിന് സർക്കാർ വളരെയേറെ പ്രാധാന്യം നൽകുമെന്ന് വ്യക്തമാക്കുന്ന തായിരുന്നു സംസ്ഥാന ബജറ്റ്. തിരുവനന്തപുരം മെട്രോയുടെ പ്രാരംഭ നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. കൊച്ചി മെട്രോയുടെ വികസനം ഉറപ്പുവരുത്തുന്നതിനൊപ്പം കോഴിക്കോട് മെട്രോയും യാഥാർഥ്യമാക്കുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്.

**വിശദാംശങ്ങളിലേക്ക്....**

**(VOICE.........)**

കൊച്ചിയും, കോഴിക്കോടും, തിരുവനന്തപുരവും കേന്ദ്രീകരിച്ച് നഗര വികസനത്തിന് മെട്രോ പൊളിറ്റൻ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് ധനമന്ത്രി പറഞ്ഞു. തെക്കൻ കേരളത്തിൽ പുതിയ കപ്പൽ നിർമാണശാല ആരംഭിക്കുന്നതിന് കേന്ദ്ര സഹായം തേടും. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി **3,061 കോടി** രൂപയും ബജറ്റിൽ വകയിരുത്തി. വിഴിഞ്ഞം - കൊല്ലം - പുനലൂർ ത്രികോണ വികസന പദ്ധതി ആവിഷ്കരിക്കും. ഇതിനായി 1,000 കോടി രൂപ വകയിരുത്തി. സംസ്ഥാനത്ത് ആറുവരി ദേശീയപാതയുടെ നിർമാണം ഈ വർഷം പൂർത്തിയാകുമെന്ന് ധനമന്ത്രി പറഞ്ഞു. തീരദേശ പാതയും മലയോരപാതയും പൂർത്തിയാക്കും. തിരുവനന്തപുരം ഔട്ടർ ഏര്യാ ഗ്രോത്ത് കൊറിഡോർ രൂപീകരിക്കും. സംസ്ഥാനത്ത് പുതിയ ഐ.ടി നയം അന്തിമഘട്ടത്തിലാണെന്നും ധനമന്ത്രി

പറഞ്ഞു. കൊല്ലത്തും, കൊട്ടാരക്കരയിലും, കണ്ണൂരിലും ഐ.ടി. പാർക്കുകൾ ആരംഭിക്കും. പൊതുമേഖല സ്ഥാപനങ്ങൾക്കായി 15,980 കോടി രൂപയും ബജറ്റിൽ വകയിരുത്തി. ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ വികസനത്തിനായി 1033 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുമെന്നും ധനമന്ത്രി അറിയിച്ചു.

ന്യൂസ്ഡെസ്ക് ആകാശവാണി....

==========================================================

## BUDGET KERALA ECONOMY

തനത് നികുതി വർധനയുടെ ഫലമായാണ് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതെന്നും ധനമന്ത്രി പറഞ്ഞു. ധനക്കമ്മി 2.9 ശതമാനമായും റവന്യൂ കമ്മി 1.58 ശതമാനമായും കുറക്കാൻ സാധിച്ചു. പൊതുകടം കുറയ്ക്കാനും, തനത് വരുമാനം വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചു. സംസ്ഥാനത്തിന്റെ ധനഞെരുക്കത്തിന് കാരണം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ അവഗണനയാണെന്നും ശ്രീ ബാലഗോപാൽ പറഞ്ഞു. ധന കമ്മീഷൻ ഗ്രാന്റ്, പദ്ധതിവിഹിതം എന്നിവ തുടർച്ചയായി വെട്ടിക്കുറയ്ക്കുന്നതും, കിഫ്ബി വായ്പ കടമായി കണക്കാക്കുന്നതും സംസ്ഥാനത്തെ ബാധിച്ചു. 14-ാം ധനക്കമ്മീഷനിൽ നിന്നും കൂടുതൽ ഗ്രാന്റ് പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു. കിഫ്ബിയെ വരുമാനമുള്ള സ്ഥാപനമാക്കി മാറ്റാൻ പഠനങ്ങൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു. 1,52,351 കോടി രൂപയുടെ റവന്യൂ വരുമാനവും, 1,79,476 കോടിയുടെ ചെലവുമാണ് സംസ്ഥാനം അടുത്ത സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത്.

==========================================================

**BUDGET REVENUE**

സംസ്ഥാനത്തെ കോടതി ഫീസുകൾ പരിഷ്കരിക്കുമെന്നും ഇതിലൂടെ **150 കോടി** രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു. ഭൂനികുതി സ്ലാബുകളിലെ നിരക്കുകൾ 50 ശതമാനം വർധിപ്പിച്ചു. 100 കോടിയുടെ അധികവരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി 50 ശതമാനം വർധിപ്പിച്ചതിലൂടെ 55 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നതായും ധനമന്ത്രി പറഞ്ഞു. വൈദ്യുത വാഹനങ്ങളുടെ നികുതിയും വർദ്ധിപ്പിച്ചു. 15 ലക്ഷത്തിന് മുകളിൽ വിലയുള്ള വാഹനങ്ങൾക്ക് വിലയുടെ 8 ശതമാനവും 20 ലക്ഷത്തിന് മുകളിൽ 10 ശതമാനവുമായിരിക്കും നികുതി. സർക്കാർ ഭൂമിയുടെ പാട്ട തുകയും വർധിപ്പിച്ചിട്ടുണ്ട്.

==========================================================

**HOUSE BUILDING**

ലൈഫ് പദ്ധതിയിലൂടെ ഒരു ലക്ഷം വീടുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കും. ഭവന നിർമാണ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി സഹകരണ ഭവന പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചു. ഇടത്തരം വരുമാനക്കാർക്ക് താങ്ങാനാവുന്ന വിധത്തിൽ ഒരു ലക്ഷം വീടുകൾ നഗരമേഖലകളിൽ പദ്ധതിയിലൂടെ നിർമിക്കും. സംസ്ഥാനത്തെ വ്യാപാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി തിരുവനന്തപുരത്ത് ഔദ്യോഗിക ബിസിനസ്സ് വികസന കേന്ദ്രം സ്ഥാപിക്കും. ഈ സർക്കാരിൻറെ കാലത്ത് 10,000 പുതിയ തസ്തികകൾ സംസ്ഥാനത്ത് സൃഷ്ടിച്ചതായും, പി.എസ്.സി വഴി 8293 പേർക്ക് നിയമനം നൽകിയതായും ധനമന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിൻറെ ന്യൂനപക്ഷ സ്കോളർഷിപ്പിനായി ആറ് കോടി രൂപയും ബജറ്റിൽ വകയിരുത്തി.

==========================================================

## BUDGET - HEALTH

2025 - 26 വർഷത്തിൽ ആരോഗ്യമേഖലയ്ക്ക് **10,431 കോടി** രൂപ നീക്കി വച്ചതായി ധനമന്ത്രി അറിയിച്ചു. കാരുണ്യ പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ **700 കോടി** രൂപ നീക്കി വച്ചു. കേരളത്തെ ഹെൽത്ത് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് 50 കോടി രൂപ വകയിരുത്തി. വയോജന പരിപാലനത്തിനായി 50 കോടി രൂപയും നീക്കി വച്ചു. മുതിർന്ന പൗരന്മാർക്ക് ഓപ്പൺ എയർ വ്യായാമ കേന്ദ്രങ്ങൾ ഒരുക്കുമെന്നും ധനമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു.

==========================================================

## BUDGET K HOME

ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിന്റെ ഭാഗമായി കെ ഹോം പദ്ധതി ആവിഷ്കരിക്കും. സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന വീടുകൾ പരിപാലിച്ച് വിനോദ സഞ്ചാരികൾക്ക് മിതമായ നിരക്കിൽ താമസ സൗകര്യമൊരുക്കുന്നതാണ് പദ്ധതി. ഫോർട്ട് കൊച്ചി, കുമരകം, കോവളം തുടങ്ങിയ വിനോദസഞ്ചാര മേഖലകളുടെ 10 കിലോമീറ്റർ ചുറ്റളവിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കുക. പ്രാരംഭ ചെലവിനായി അഞ്ച് കോടി രൂപ ബജറ്റിൽ വകയിരുത്തി.

==========================================================

## MISCELLANEOUS - BUDGET

സംസ്ഥാനത്ത് കാലാവധി കഴിഞ്ഞ സർക്കാർ വാഹനങ്ങൾ മാറ്റി വാങ്ങാൻ 100 കോടി രൂപ ബജറ്റിൽ വകയിരുത്തി.

തിരൂർ തുഞ്ചൻ പറമ്പിൽ എം ടി സ്മാരകത്തിന്റെ ആദ്യ ഘട്ടത്തിന് 5 കോടി രൂപ പ്രഖ്യാപിച്ചു . വൈക്കം സത്യാഗ്രഹ സ്മാരകത്തിനായി അഞ്ച് കോടി രൂപയും കൊച്ചി മുസിരിസ് ബിനാലെയുടെ 2025-26 എഡിഷനായി 7 കോടി രൂപയും വകയിരുത്തി. കളിപ്പാട്ടങ്ങളുടെ നിർമാണത്തിന് കുടുംബശ്രീയെ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിക്കുന്നതിന് 5 കോടി രൂപ വകയിരുത്തി. സീ പ്ലെയിൻ ടൂറിസം, ഹെലി പാഡ് പദ്ധതിക്കായി 20 കോടി രൂപയും സംസ്ഥാനത്ത് സാമ്പത്തിക കോൺക്ലേവ് സംഘടിപ്പിക്കുന്നതിന് രണ്ട് കോടി രൂപയും ബജറ്റിൽ നീക്കിവച്ചു.

==========================================================

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

==========================================================

**POINT OF ORDER**

നടപ്പ് സാമ്പത്തിക വർഷത്തെ സാമ്പത്തിക അവലോകന റിപ്പോർട്ട് നിയമസഭയിൽ മുൻകൂട്ടി സമർപ്പിക്കാത്തതിൽ സർക്കാരിനെ വിമർശിച്ച് പ്രതിപക്ഷം. പ്രതിപക്ഷനേതാവ് വി.ഡി സതീശൻ ഇത് സംബന്ധിച്ച ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചു. ഇന്ന് രാവിലെയാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് ധനമന്ത്രി നിയമസഭയുടെ മേശപ്പുറത്ത് വച്ചത്. പ്രതിപക്ഷത്തിൻറെ ആവശ്യം ന്യായമാണെന്നും, റിപ്പോർട്ട് മുൻകൂറായി നൽകാൻ ഭാവിയിൽ ക്രമീകരണം ഒരുക്കണമെന്നും സ്പീക്കർ എ.എൻ ഷംസീർ ധനവകുപ്പിന് നിർദ്ദേശം നൽകി.

==========================================================

**BUDGET CM REACTION**

നവകേരള നിർമ്മാണത്തിന് കുതിപ്പു നൽകാൻ കഴിയുന്നതാണ് സംസ്ഥാന ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വികസനവും ജനക്ഷേമവും മുന്നോട്ടു കൊണ്ടുപോകുന്ന സമീപനമാണ് ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. ബദൽ വിഭവസമാഹണത്തിൻറെ വഴികൾ കണ്ടെത്തി കേരളം അതിജീവിക്കും എന്നതിന്റെ തെളിവുരേഖ കൂടിയാണ് ബജറ്റെന്നും മുഖ്യമന്ത്രി പറഞ്ഞു.

============================================================

**BUDGET - VD SATHEESAN**

പൊള്ളയായ വാക്കുകൾ കൊണ്ടുള്ള നിർമ്മിതിയാണ് സംസ്ഥാന ബജറ്റ് എന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കേരളത്തെ ദുരിതത്തിലേക്ക് തള്ളിവിടുന്ന ബജറ്റാണിതെന്നും, സർക്കാരിൻറെ ബാധ്യത തീർക്കാനുള്ള തുക പോലും ബജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും പ്രതിപക്ഷനേതാവ് വിമർശനം ഉന്നയിച്ചു. ബജറ്റ് കേരളത്തെ നിരാശയിലാക്കുന്നതാണെന്നും, സാമ്പത്തികപ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നില്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ വിമർശിച്ചു.

============================================================

**RBI- REPO RATE**

റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 6.25 ശതമാനമായി കുറച്ച് റിസർവ് ബാങ്ക്. അഞ്ചുവർഷത്തിനിടെ ആദ്യമായാണ് അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ ആർ.ബി.ഐ കുറവ് വരുത്തുന്നത്. വായ്പാ പലിശ നിരക്കും ഇതുമൂലം കുറയും. റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്രയുടെ നേതൃത്വത്തിൽ മുംബൈയിൽ

ചേർന്ന പണനയ അവലോകന സമിതിയുടെ ത്രൈമാസ യോഗം ഏകകണ്ഠമായാണ് തീരുമാനമെടുത്തത്.

============================================================

**PARL OPPOSITION PROTEST**

പാർലമെന്റിന്റെ ഇരു സഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പുരോഗമിക്കുകയാണ്. അതേസമയം തമിഴ്നാട്ടിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ അധികൃതർ കസ്റ്റഡിയിലെടുത്ത വിഷയത്തിൽ പ്രതിപക്ഷ എംപിമാർ പാർലമെന്റിൽ ഇന്ന് പ്രതിഷേധ പ്രകടനം നടത്തി.

============================================================

============================================================

============================================================